പ്ലാനിംഗ് കമ്മീഷനിലേയും കേന്ദ്ര ധനകാര്യവകുപ്പിലേയും നമ്മുടേയും ഉദ്യോഗസ്ഥൻമാർ കണക്കുകൂട്ടിയത്. പദ്ധതിയുടെ കാര്യത്തിൽ 1985-86 നേക്കാൾ വർദ്ധനവു വേണമെന്ന് നമുക്ക് നിർബന്ധമുണ്ടായിരുന്നു. .10 ശതമാനമെങ്കിലും വർദ്ധനവുണ്ടാകണമെങ്കിൽ 390 കോടി രൂപയുടെ അടങ്കലെങ്കിലും ആവശ്യമാണ്. മേൽപ്പറഞ്ഞ 351 കോടി രൂപയുടെ നോൺ-പ്ലാൻ കമ്മി നികത്തി 390 കോടി രൂപയുടെ പദ്ധതിക്ക് രൂപം കൊടുക്കുവാൻ നമുക്ക് വേണ്ടത് 741 കോടി രൂപയായിരുന്നു. കേന്ദ്ര ഗവൺമെൻറ് ഒരു പ്രത്യേക പരിഗണനയായി നമുക്ക് നൽകിയ 75 കോടി രൂപയുടെ അഡ്വാൻസ് ഉൾപ്പെടെ ആകെ 280 കോടി രൂപയുടെ സെൻട്രൽ അസിസ്റ്റൻസ് നമുക്ക് ലഭിച്ചു. 139 കോടി രൂപ പൊതുക്കടമായും ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയായും സംഭരിക്കാമെന്ന് ധാരണയായി. ബാക്കി വന്ന 322 കോടി രൂപ നമ്മുടെ സ്വന്തം വിഭവ രൂപീകരണംകൊണ്ട് നേടണമെന്ന് വ്യക്തമാക്കി. നിലവിലുള്ള വരുമാന മാർഗ്ഗങ്ങളിൽ നിന്നുള്ള തുക കഴിച്ച് 130 കോടി രൂപയുടെ അധികവിഭവ സമാഹരണം കൂടി നടത്തിയാലേ 1986-87-ൽ ഇത്രയും വിഭവരൂപീകരണം നടത്താൻ സാധിക്കൂ എന്ന് പ്ലാനിംഗ് കമ്മീഷൻ ചൂണ്ടിക്കാട്ടി. നികുതികളും വർദ്ധിപ്പിച്ച് 130 കോടി രൂപ ഒരു വർഷം സമാഹരിക്കാനാവില്ലല്ലോ. ഈ ചുറ്റുപാടിലും ഈ വർഷാവസാനത്തെ സാമ്പത്തികനിലയ്ക്ക് വലിയ പ്രാധാന്യം കൈവന്നു. പ്ലാനിംഗ് കമ്മീഷനുമായി ജനുവരിയിൽ നടന്ന ചർച്ചകളിൽ ഏതെല്ലാം മാർഗ്ഗത്തിലൂടെയാണ് ഈ 130 കോടി രൂപ സമാഹരിക്കുക എന്ന് മുഖ്യമന്ത്രിയും ഞാനും കമ്മീഷനു വിശദീകരിച്ചുകൊടുക്കേണ്ടിവന്നു. ആ അവസരത്തിൽ ഞങ്ങൾ ഏറ്റെടുത്ത ഒരു ചുമതല ഈ വർഷം അവസാനം വാർഷിക പദ്ധതി ഒട്ടും കുറവു വരുത്താതെ നടപ്പാക്കി, മറെറല്ലാ അത്യാവശ്യ ചെലവുകളും നേരിട്ടശേഷം, ഒരു നല്ല മിച്ചമുണ്ടാക്കാമെന്നും ആ മിച്ചം കൂടി ചേർത്ത് അടുത്ത വർഷം 390 കോടി രൂപയുടെ പദ്ധതി നടപ്പാക്കാമെന്നുമായിരുന്നു. സംസ്ഥാനത്തിൻെറ ചരിത്രത്തിൽ മുൻപൊരിക്കലും ഏറ്റെടുക്കാൻ ധൈര്യപ്പെട്ടിട്ടില്ലാത്ത ഒരു ഉത്തരവാദിത്വമായിരുന്നു ഇത്.

1985-86-ലെ നേട്ടം, പുതുക്കിയ അടങ്കലുകൾ

82. അങ്ങനെ ഈ വർഷം നല്ലൊരു മിച്ചമുണ്ടാക്കുക എന്ന ലക്ഷ്യത്തിന് രണ്ടാമതായി നിർണ്ണായകമായ പ്രാധാന്യം കൈവന്നു. ഓവർഡ്രാഫ്റ്റ് ഒഴിവാക്കി ഈ വർഷത്തെ പദ്ധതി നടപ്പാക്കുമ്പോൾ ഗവൺമെൻറിൻെറ പ്രവർത്തനം സ്തംഭിക്കാതിരിക്കാനും അടുത്ത വർഷം മുതൽ മുടക്കു കൂടിയ ഒരു പദ്ധതിക്ക് വക കാണുവാനും അത്തരം ഒരു മിച്ച ബഡ്ജറ്റ് കൂടിയേ തീരൂ.

83. ഈ പശ്ചാത്തലത്തിൽ പുതുക്കിയ അടങ്കലുകളനുസരിച്ച് നമുക്ക് 1985-86 സാമ്പത്തിക വർഷത്തിൻെറ അവസാനം കമ്മി ഒട്ടും ഉണ്ടാവുകയില്ലെന്നു മാത്രമല്ല 82.13 കോടി രൂപയുടെ മിച്ചം ഉണ്ടാവുകയും ചെയ്യുമെന്ന് കൃത്യാർത്ഥതയോടെ, അഭിമാനത്തോടെ ഞാൻ ബഹുമാനപ്പെട്ട സഭാംഗങ്ങളെ അറിയിക്കട്ടെ. 48 കോടി രൂപ കമ്മിയുണ്ടാകുമായിരുന്ന ചുറ്റുപാടിലാണ് ഇത്രയും മിച്ചം നാം ഉണ്ടാക്കുക. അതായത് കേന്ദ്ര നികുതി വിഹിതത്തിൽ വന്ന 30 കോടി രൂപയുടെ വർദ്ധനയ്ക്കു പുറമേ, ഈ ഒരു വർഷത്തിൽ 100 കോടി രൂപയുടെ അഭിവൃദ്ധി നാം കൈവരുത്തിയിരിക്കുന്നു. കഴിഞ്ഞ വർഷത്തെ 92 കോടി രൂപ കൂടി കണക്കാക്കിയാൽ രണ്ടുവർഷംകൊണ്ട് നമ്മുടെ സാമ്പത്തിക സ്ഥിതിയിൽ നമ്മുടെ പ്രയത്നം കൊണ്ടുമാത്രം കൈവരിക്കാൻ കഴിഞ്ഞ പുരോഗതി 192 കോടി രൂപയാണ്. നമ്മുടെ സംസ്ഥാനത്ത് ഇതിനു മുൻപൊരിക്കലും ഈ വർഷത്തെപോലെ ഇത്ര വലിയൊരു വർഷാവസാന മിച്ചമോ ചുരുങ്ങിയ രണ്ടു വർഷക്കാലത്തിനുള്ളിൽ ബഡ്ജറിലും

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിക്കും ഉപരിയായി ഇത്ര വലിയൊരു സാമ്പത്തികനേട്ടമോ ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ലായെന്ന കാര്യം ശ്രദ്ധേയമാണ്.

ഓവർഡ്രാഫ്റ്റ് ഒഴിവാക്കുന്നു—എല്ലാ ദിവസവും മിച്ചം

84. മൈനംദിനമുള്ള വേയ്സ് ആൻഡ് മീൻസ് നിലയിലും ഇതു പോലൊരു നേട്ടം കൈവരിക്കുവാൻ ഈ വർഷം നമുക്ക് കഴിഞ്ഞു. നേരത്തെ ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ 1985 ഒക്ടോബർ 1-ാം തീയതിക്കുശേഷം കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്കുള്ള ഓവർ ഡ്രാഫ്റ്റ് പൂർണ്ണമായും നിറുത്തിയിരിക്കുകയാണ്. ആ തീയതിക്കുശേഷം ഒരൊറ്റ ദിവസം പോലും ഒരു പൈസപോലും ഓവർ ഡ്രാഫ്റ്റ് കേരളം എടുത്തിട്ടില്ല. അനുവദനീയമായ വേയ്സ് ആൻഡ് മീൻസ് അഡ്വാൻസായ 30 കോടി രൂപയിൽ നിന്നും ഒട്ടും തന്നെ സംസ്ഥാന ഗവൺമെന്റ് ഉപയോഗിച്ചിട്ടുമില്ല. എല്ലാ ചെലവും നമ്മുടെ അക്കൗണ്ടിൽ നിലനിൽപ്പുള്ള പണം കൊണ്ട് തന്നെ നാം നടത്തിക്കൊണ്ടു വരികയാണ്. മാത്രമല്ല, ഒക്ടോബർ ആദ്യം തൊട്ട് ഇങ്ങോട്ടുള്ള എല്ലാ ദിവസവും നമ്മുടെ റിസർവ് ബാങ്ക് അക്കൗണ്ടിൽ മിച്ചമുണ്ടായിരുന്നു. ഗവൺമെന്റും റിസർവ് ബാങ്കുമായുള്ള ധാരണയനുസരിച്ച് അറുപതു ലക്ഷം രൂപയെ എല്ലാ ദിവസവും മിച്ചമായി നമ്മുടെ അക്കൗണ്ടിൽ കാണേണ്ടതുള്ളൂ. മിച്ചം അതിൽ കൂടുമ്പോൾ റിസർവ് ബാങ്ക് ആ തുക നമുക്കു പലിശ നഷ്ടപ്പെടാതിരിക്കുവാൻ കേന്ദ്ര ഗവൺമെന്റിന്റെ ട്രഷറി ബില്ലുകളിൽ ഡിസ്ക്കൗണ്ട് നൽകിക്കൊണ്ട് നിക്ഷേപിക്കും. നമ്മുടെ ചെലവിന്റെ ആവശ്യത്തിനനുസരിച്ചും വരവിന്റെ പുരോഗതിക്കനുസരിച്ചും ട്രഷറി ബില്ലുകളിൽ നിന്നും റീഡിസ്ക്കൗണ്ട് ചെയ്ത് പണം പിൻവലിക്കുകയോ കൂടുതൽ പണം ട്രഷറി ബില്ലുകളിൽ നിക്ഷേപിക്കുകയോ ചെയ്യും. കാഷ് ബാലൻസ്, ട്രഷറി ബില്ലുകൾ എന്നീ രണ്ടു വകയിലുമുള്ള നമ്മുടെ മിച്ചം ഒക്ടോബർ ആദ്യത്തെ ദിവസം തൊട്ടിങ്ങോട്ടുള്ള ഓരോ ദിവസവും വളരെ ഗണ്യമായിരുന്നു. ഉദാഹരണത്തിന് കഴിഞ്ഞ ഒക്ടോബർ 17-ാം തീയതി നമ്മുടെ മിച്ചം 97 കോടി രൂപയായിരുന്നു. നവംബർ 13-ാം തീയതി 113 കോടി രൂപയും, ഡിസംബർ 16-ാം തീയതി 121 കോടി രൂപയും മിച്ചമുണ്ടായിരുന്നു. ജനുവരി 15-ാം തീയതി 95 കോടി രൂപയും ഫെബ്രുവരി 14-ാം തീയതി 97 കോടി രൂപയും ആയിരുന്നു നമ്മുടെ മിച്ചം. 1986 മാർച്ച് 15-ാം തീയതി കേരള ഗവൺമെന്റിന്റെ മിച്ചം 98 കോടി രൂപയായിരുന്നു. പുതുക്കിയ അടങ്കലുകളിൽ കാണിച്ചിരിക്കുന്ന വർഷാവസാന മിച്ചം ഒട്ടും കൂടുതലല്ലെന്നു ഇതിൽ നിന്ന് വ്യക്തമാണല്ലോ ഒക്ടോബർ തൊട്ട് ഇതുവരെയുള്ള അനുഭവം വച്ചു നോക്കിയാൽ വർഷാവസാന മിച്ചം ഈ തുകയേക്കാൾ അൽപ്പമെങ്കിലും അധികമാകാനാണ് സാദ്ധ്യത.

1986-87-ലെ ബഡ്ജറ്റ് നില :

85. 82.13 കോടി രൂപ വർഷാരംഭ മിച്ചവും 27.90 കോടി രൂപയുടെ നേരത്തെ വിവരിച്ച അധികവിഭവസമാഹരണവും പരിഗണിച്ചുണ്ടാകുന്ന 1986-87-ലെ ബഡ്ജറ്റ് നിലയുടെ ചുരുക്കം താഴെപ്പറയുന്നു :

1986-87-ലെ പ്രവർത്തനങ്ങൾ		(രൂപ കോടിയിൽ)
1. റവന്യൂകണക്ക്		
(എ)	വരവ്	1418.88
(ബി)	ചെലവ്	1520.99
(സി)	റവന്യൂകമ്മി	(—) 102.11

LIBRARY ARCHIVES Kerala Legislative Assembly